# കൈപ്പമംഗലത്തിന്റെ ഐശ്വര്യം

**1999** നവംബർ മാസം 11-ാം തിയ്യതി തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്കിലെ കൈപ്പമംഗലം പഞ്ചായത്തിലെ അന്നത്തെ 15-ാം വാർഡിൽ 20 സാധാരണ കുടുംബത്തിലെ വനിതകൾ കൂടി ചേർന്ന് രൂപീകരിച്ച ഒരു കുടും ബശ്രീ അയൽകൂട്ടമാണ് ''ഗ്രാമലക്ഷ്മി'' അയൽകൂട്ടം.

പൊതുപ്രവർത്തകരുടെ സഹായത്താലാണ് ഞങ്ങൾ അന്ന് ഈ അയൽകൂട്ടത്തിന് രൂപം നൽകിയത്. എസ്.ജി.എസ്.വൈ പ്രകാരം രൂപ കൊടു ക്കുന്ന സ്വയം സഹായ സംഘങ്ങളുടെ നിയമാവലി വാങ്ങിയാണ് ഞങ്ങൾ നിയമാവലി തയ്യാറാക്കിയത്.




ബ്ലോക്ക് പഞ്ചായത്തിലാണ് സ്വയം സഹായ സംഘത്തിന്റെ കൂട്ടത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചത്. സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് ചേർന്ന് സമ്പാദ്യം നിക്ഷേപിച്ച് തുടങ്ങുകയും ചെയ്തു.

പിന്നീട് 2000 ത്തിൽ പഞ്ചായത്തിൽ സി.ഡി.എസ്. നിലവിൽ വരുകയും 9 അംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അതിന് ശേഷമാണ് പഞ്ചായ ത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്തു തുടങ്ങിയത്.166/2003 എന്ന രജിസ്റ്റർ നമ്പറിൽ ഞങ്ങളുടെ പഞ്ചായത്ത് സി.ഡി.എസുകളും ചാരിറ്റ ബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങി. ആകാലയളവിൽ ഗ്രാമലക്ഷ്മി അയൽക്കൂട്ടം പ്രസിഡന്റ് ഓമനഗോപി സി.ഡി.എസ്.ചെയർപേഴ്സൺ ആയി പ്രവർത്തിക്കുന്ന കാലം.

2003 ൽ ആദ്യമായി ഞങ്ങളുടെ കൈപ്പമംഗലം പഞ്ചായത്തിൽ കുടുംബശ്രീ ലിങ്കേജ് മേള നടന്നു. ആദ്യമായി നടന്ന ബാങ്ക് മേളയിൽ ഞങ്ങളും പങ്കെടുത്തു. 1 ലക്ഷം രൂപ ഞങ്ങൾക്ക് ബാങ്ക് വായ്പ ലഭിക്കുകയും ചെയ്തു. അന്ന് ഞങ്ങളുടെ ഓരോ അംഗത്തിന്റെയും ആഴ്ച സമ്പാദ്യം 10 രൂപ വീതമായിരുന്നു. ഇന്ന് 50 രൂപ സമ്പാദ്യം ഞങ്ങൾ സ്വരൂപിക്കുന്നു.

അന്ന് ബാങ്കിൽ നിന്നും ലഭിച്ച ഒരു ലക്ഷം രൂപ കൊണ്ട് പ്രൊജക്ട് പ്രകാരം ഒരു തൊഴിൽ സംരംഭം ആരംഭിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഞങ്ങൾ ആ തുക ഉപയോഗിച്ച് സംരംഭം തുടങ്ങുന്നതിനു വേണ്ട സ്ഥലം കണ്ടെത്താൻ തീരുമാനിച്ചു.അങ്ങിനെ ആ തീരുമാനപ്രകാരം 44000 രൂപ കൊടുത്ത് 4 സെന്റ് സ്ഥലം വാങ്ങുകയും 2500/ - രൂപ ചിലവഴിച്ചുകൊണ്ട് ഞങ്ങളുടെ എല്ലാവരുടേയും പേർക്ക് നിയമാനുസൃത രജിസ്ട്രേഷനും നടത്തി. ബാക്കി തുക ഉപയോഗിച്ച് കൊണ്ട് ആ സ്ഥലത്ത് ഒരു മുറിയും പണി കഴിപ്പിച്ചു.

ആ ചെറിയ കെട്ടിടത്തിൽ ഞങ്ങൾ പലചരക്ക് കച്ചവടം നടത്തി. ആദ്യമെല്ലാം നല്ലരീതിയിൽ പ്രവർത്തിച്ച സംരംഭം പിന്നീട് നഷ്ടത്തിലാവുകയും ചെയ്തതോടെ ആ പ്രവർത്തനം നിർത്തലാക്കി. 2008 ൽ ഞങ്ങളുടെ അയൽക്കൂട്ടം അലങ്കാര മത്സ്യം വളർത്തുന്ന ഒരു പദ്ധതി ആരംഭിച്ചു. കുറച്ച് വരുമാന മാർഗ്ഗം ഉണ്ടാക്കി തന്ന ഒരു പ്രെജക്ടായിരുന്നു ആ പദ്ധതി. അതോടൊപ്പ് വീട്ടിലിരുന്ന് കൈതൊഴിലായ പായനെയ്ത്ത്, കയർ പിരുത്തം,തയ്യൽ, മൃഗപരിപാലനം എന്നീ തൊഴിലുകളിലും അംഗങ്ങൾ ഏർപ്പെട്ടിരുന്നു.

കൃത്യമായി യോഗം ചേരുന്നതും, ചെറിയ സമ്പാദ്യം മുടങ്ങാതെ വെക്കുന്നതും, എല്ലാവരും കൃത്യ സമയത്ത് എത്തുന്നതും വരാൻ കഴിയാതെ വന്നാൽ ലീവ് പറയുന്നതും ഞങ്ങളുടെ അയൽക്കൂട്ടത്തിന്റെ പ്രത്യേകതയാണ്.

2010 ൽ ജെ.എൽ.ജി. രൂപീകരണം തുടങ്ങിയപ്പോൾ 1-ാം മത്തെ ജെ.എൽ.ജി യായി രജിസ്റ്റർ ചെയ്ത് കൃഷി ആരംഭിച്ചത് ഞങ്ങളുടെ അയൽക്കൂട്ടമാണ്. .കാർഷിക രംഗത്തും അയൽക്കൂട്ടത്തിലെ അംഗങ്ങൾ വരുമാനം ഉണ്ടാക്കുന്നു. ഇപ്പോൾ അയൽക്കൂട്ടത്തിന്റെ കീഴിൽ 3 ജെ.എൽ.ജികൾ പ്രവർത്തിക്കുന്നു.

2010 മുതൽ 2016 വരെ 5 വർഷത്തിൽ കൂടുതൽ കാലം ഞങ്ങളുടെ ആ മുറി മണപ്പുറം ഫൗണ്ടേഷന്റെ കൗൺസലിംഗ് സെന്ററായി ഞങ്ങൾ വാടകക്ക് നൽകി. വാടകയിനത്തിലും ഞങ്ങൾക്ക് വരുമാനവും ലഭ്യമായിരുന്നു.

അതിന് ശേഷം 2016 ൽ ഞങ്ങൾ കയ്പമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 5 ലക്ഷം രൂപ ലിങ്കേജ് വായ്പ എടുത്തുകൊണ്ട് ആ സ്ഥലത്ത് പണിതിട്ടുള്ള മുറിയോട് ചേർന്ന് കൊണ്ട് ഒരു മിനിഹാൾ പണി കഴിപ്പിക്കുവാൻ അയൽക്കൂട്ടയോഗം തീരുമാനിച്ചു.

അഞ്ച് ലക്ഷം രൂപ കൊണ്ട് പണി ആരംഭിച്ചു. എന്നാൽ അതുകൊണ്ട് മാത്രം പണി പൂർത്തീകരിക്കില്ല എന്ന് കണ്ടപ്പോൾ കാനറാ ബാങ്കിന്റെ കൈയ്പ മംഗലം ശാഖയിൽ നിന്ന് 10 ലക്ഷം രൂപ വായ്പ എടുത്തു കൊണ്ട് പഴയ വായ്പ ക്ലോസ്സ് ചെയ്ത് ബാക്കി തുകയും കൂടി ഉൾപ്പെടുത്തി 100 പേർക്ക് ഇരി ക്കുന്നതിന് കഴിയും വിധത്തിൽ ഞങ്ങളുടെ മിനിഹാൾ പണി പൂർത്തീകരിച്ചു. അടുക്കള ടോയ്‌ലറ്റ് മറ്റും സൗകര്യങ്ങളോടെയുള്ള ഒരു മിനിഹാൾ അവിടെ പൂർണ്ണമായി. ആവശ്യക്കാർ ചെറിയ ആവശ്യങ്ങൾക്ക് വാടകക്ക് നൽകുക എന്ന തായിരുന്നു ലക്ഷ്യം. ചെറിയ പരിപാടികളിലൂടെ വരുമാനം ലഭിച്ചു വരുന്നു. ഒരു കൂട്ടായ പ്രവർത്തനം നടത്തുന്ന ഒരു അയൽക്കൂട്ടവും അംഗങ്ങളുമാണ് ഞങ്ങ ളുടെ അയൽക്കൂട്ട അംഗങ്ങൾ. ആ ഒത്തൊരുമയാണ് ഞങ്ങളുടെ വിജയവും നേട്ടവും.




ആ സമയത്താണ് ഞങ്ങളുടെ പഞ്ചായത്തിലെ വെറ്റിനറി സർജനായ ഡോ.സിൽവൻ ഞങ്ങളോട് ഒരു പ്രൊജക്ടിന്റെ കാര്യം അറിയിക്കുന്നത്. വെറ്റി നറി ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ നടപ്പിലാക്കാൻ കഴിയുന്ന ഒരു പ്രൊജക്ട് സ്വന്തമായി സ്ഥലവും സൗകര്യങ്ങളും ഉള്ളവർക്കാണ് അത് ചെയ്യാൻ കഴിയുക എന്നതാണ് ഞങ്ങളെ തിരഞ്ഞെടുത്തതിന്റെ കാരണവും.

അങ്ങിനെ ഞങ്ങളുടെ അയൽകൂട്ടം അതിനാവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു “ മീറ്റ് സ്ലോട്ട്” ആട്ടിറച്ചി സംസ്കരണവും വിപണനവും.

അതിനാവശ്യമായ സാങ്കേതിക പ്രവർത്തനങ്ങൾ ശാസ്ത്രീയമായ രീതി യിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. **2 ലക്ഷത്തിലധികം രൂപ ഞങ്ങ ളുടെ സ്വന്തം സമ്പാദ്യത്തിൽ നിന്ന് എടുത്തുകൊണ്ടാണ്** ഈ പ്രവർത്തനത്തി നാവശ്യമായ എല്ലാ ഉപകരണങ്ങളും ശേഖരിക്കുകയും ചെയ്തത്. ശാസ്ത്രീയ മായ രീതിയിൽ അറവ് ജോലി ചെയ്യുന്നതിന് വേണ്ട പരിശീലനം മണ്ണുത്തി

വെറ്റിനറി കോളേജിൽ നിന്ന് 4 പേർ 2 ദിവസം കൊണ്ട് നേടുകയും ചെയ്തു. ഇപ്പോൾ ആഴ്ചയിൽ 2 ദിവസം ഞങ്ങൾ ആടുകളെ വാങ്ങി അറക്കുകയും ആവ ശ്യക്കാർ ക്ക് വീടുകളിൽ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇത്ര ധൈര്യം ഞങ്ങൾക്ക് നൽകിയത് കുടുംബശ്രീ എന്ന പ്രസ്ഥാനമാണ്.

ആടിനെ വാങ്ങിക്കുന്നതിന് വേണ്ട സഹായം ഞങ്ങൾക്ക് വെറ്റിനരി ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുകയും ചെയ്തു ഇപ്പോൾ ആരുടേയും സഹായമില്ലാതെ ഒരു വരുമാനമാർഗ്ഗം കണ്ടെത്തിയതിലും, സ്വന്തം സമ്പാദ്യ ത്തിൽ നിന്ന് സ്വന്തമായി സ്ഥലവും ബിൽഡിങ്ങും വാങ്ങിയ അയൽക്കൂട്ടവും എന്ന നിലയിൽ ഞങ്ങൾക്ക് വളരെ ആത്മാഭിമാനം ഉണ്ട്.